**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6682** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കണ്ടറി അധികബാച്ചിൽ ജോലി ചെയ്യുന്നവരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ.ഉ.(കയ്യെഴുത്ത്) നം.167/2011 പ്രകാരം ഹയർസെക്കണ്ടറി പഠനത്തിന് അധിക ബാച്ചുകൾ അനുവദിച്ചിരുന്നത് ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സ.ഉ.(കൈ)നം. 167/2011 പ്രകാരം ഹയർ സെക്കൻഡറി പഠനത്തിന് സൃഷ്ടിച്ച ബാച്ചുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ബാച്ചുകളിലേക്ക് അധ്യാപകരായി നിയമിതരായ ഗസ്റ്റ് അധ്യാപകർക്കും കോടതി വിധി സമ്പാദിച്ച ചില സ്ഥിരം അധ്യാപകർക്കും ശമ്പളം വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അധിക ബാച്ചുകളിൽ സേവനമനുഷ്ഠിച്ച അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യതയുള്ള എല്ലാ ഗസ്റ്റ് അധ്യാപകരുടെയും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരവും, വേതനവും നൽകിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബാച്ചുകളിൽ അപ്രൂവൽ ലഭ്യമായ ദിവസം മുതൽ സ്ഥിരാധ്യാപകർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ബാച്ച് നിലവിൽ വന്ന തീയതിയിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് പ്രസ്തുത തീയതി മുതൽ നിയമനാംഗീകാരവും, ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന ബഹു.സുപ്രീംകോടതി / ഹൈക്കോടതിയുടെ വിധിന്യായം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സുപ്രീം കോടതിയിൽനിന്നും എസ്.എൽ.എ. (സി) 18128/2019 കേസിൽ ലഭിച്ച ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ അത്തരം അധികബാച്ചിൽ ജോലി ചെയ്ത എല്ലാവർക്കും നല്കുന്നതിന് തടസ്സമെന്തെങ്കിലുമുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ? | (സി) | സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ